NEWS

# തിങ്ങിനിറഞ്ഞ് പൂജപ്പുര ജയിൽ സുരക്ഷ തലവേദന

തിരുവനന്തപുരം: ശിക്ഷകയർ കാത്ത് കഴിയുന്ന പത്ത് കുറ്റവാളികളുൾപ്പെടെ ആയിരത്തിലധികം തടവുകാർ പാർക്കുന്ന പൂജപ്പുര സെൻട്രൽ ജയിലിൽ സുരക്ഷാ വീഴ്ച. തടവുപുള്ളികളുടെ ഏറ്റുമുട്ടലും, മാനസികാരോഗ്യപ്രശ്ങ്ങളുള്ളവരെ പാർപ്പിച്ചിരിക്കുന്ന പത്താംബ്ളോക്കിൽ നിരന്തരമുണ്ടാകുന്ന ആത്മഹത്യാശ്രമങ്ങളും ജയിൽ ചാട്ട സാദ്ധ്യതകളും പ്രതിരോധിക്കാനാകാതെ ഉദ്യോഗസ്ഥർ വലയുന്നു.

സി.സി ടി.വി കാമറകൾ പ്രവർത്തിക്കാത്തതുൾപ്പെടെ ജയിലിലെ സുരക്ഷാ പിഴവുകൾ പല തവണ ചൂണ്ടിക്കാട്ടിയിട്ടും ഇതുവരെ പരിഹാരമായിട്ടില്ല. ഏഴുപേരെ കൊലപ്പെടുത്തിയതിന് ശിക്ഷ കയർ ലഭിച്ച റിപ്പർ ജയാനന്ദൻ, ആലുവാ കൂട്ടക്കൊലക്കേസ് പ്രതി ആന്റണി, ഹൈടെക്ക് മോഷ്ടാവ് ബണ്ടിച്ചോർ തുടങ്ങിയ കുറ്റവാളികളെ പാർപ്പിച്ചിരിക്കുന്ന പൂജപ്പുരയിൽ തടവുകാരുടെ എണ്ണത്തിന് ആനുപാതികമായി ജീവനക്കാരില്ലാത്തതും നിരീക്ഷണ കാമറകളുടെയും സംവിധാനങ്ങളുടെയും പോരായ്മകളുമാണ് സുരക്ഷാഭീതിയ്ക്ക് കാരണമാകുന്നത്.

## കണ്ണടച്ച് കാമറകൾ

സെല്ലുകളിലും ജയിൽ വളപ്പിലുമെല്ലാം നിരീക്ഷണത്തിനുള്ള 88 കാമറകൾ കണ്ണടച്ചിട്ട് വർഷങ്ങളായി. ദൃശ്യങ്ങൾ റെക്കാഡ് ചെയ്യാൻ സംവിധാനമുണ്ടെങ്കിലും നിരീക്ഷണത്തിന് കൺട്രോൾ റൂമോ ജീവനക്കാരോ ഇല്ല. 69 ഏക്കർ വിസ്തൃതിയുള്ള ജയിൽവളപ്പ് സന്ധ്യയായാൽ ഇരുൾമൂടും. ജയിൽ കെട്ടിടത്തിലും സെല്ലുകളിലും മാത്രമാണ് വെളിച്ചമുള്ളത്. കാമറകൾ പ്രവർത്തിക്കുന്നില്ലെന്ന് മനസിലാക്കി സന്ദർശകർ തടവുകാർക്ക് ലഹരിവസ്തുക്കളും മൂർച്ചയുള്ള വസ്തുക്കളും കൈമാറുന്നുണ്ടെന്നും ജയിലുദ്യോഗസ്ഥർ കണ്ടെത്തിയിട്ടുണ്ട്.

88 കാമറകൾ സ്ഥാപിച്ച കെൽട്രോണിന്, അവയുടെ വാർഷിക അറ്റകുറ്റപ്പണി കരാർ നൽകിയിരുന്നില്ല. വാറണ്ടി തീർന്ന ശേഷം വന്നുകയാണ് അറ്റകുറ്റപ്പണിക്കായി കെൽട്രോണും സിഡ്കോയും ആവശ്യപ്പെട്ടത്. ജയിൽ ബ്ലോക്കുകളിലെ കേടായിക്കിടന്ന വിളക്കുകൾ ജയിൽ സൂപ്രണ്ടിന്റെ ഫണ്ടുപയോഗിച്ച് അറ്റകുറ്റപ്പണി നടത്തിയെങ്കിലും ബ്ലോക്കുകൾക്ക് പുറത്ത് ജയിൽ വളപ്പിൽ വെളിച്ചമെത്തിയിട്ടില്ല. കൊല്ലത്തെ യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്ന് ഗുണനിലവാരം കൂടിയ എൽ.ഇ.ഡി വിളക്കുകൾ വാങ്ങി വളപ്പിലുടനീളം സ്ഥാപിക്കാനുള്ള അഞ്ചുലക്ഷം രൂപയുടെ പദ്ധതി ജയിൽവകുപ്പ്, സർക്കാരിലേക്ക് അയച്ചിട്ടുണ്ട്. ഫണ്ടിന്റെ കുറവുകാരണം ഇതിന് അംഗീകാരം ലഭിച്ചിട്ടില്ല. കാമറകളുടെ തകരാറും വെളിച്ചക്കുറവുമാണ് ജയിൽ വളപ്പിലെ നിരീക്ഷണത്തിന് പ്രധാന തടസം.



*സെൻട്രൽ ജയിൽ*

## ബണ്ടിക്ക് വീണ്ടും ചികിത്സ

മോഷണക്കേസിൽ ശിക്ഷിക്കപ്പെട്ട ബണ്ടിച്ചോർ ജയിലിനുള്ളിൽ ബൾബ് പൊട്ടിച്ച് വിഴുങ്ങി ആശുപത്രിയിലായ സംഭവം യഥാസമയം കണ്ടെത്താൻ കഴിയാതിരുന്നത് ജീവനക്കാരുടെ കുറവ് കാരണമാണ്. സംഭവം ഏറെനേരം കഴിഞ്ഞാണ് ജീവനക്കാർ കണ്ടത്. മനോരോഗ ചികിത്സയുടെ ഗുളിക നൽകിയ ജീവനക്കാർ അത് കഴിയ്ക്കാൻ നിർബന്ധിച്ചപ്പോഴാണ് വായിൽനിറയെ ചോര നിറഞ്ഞ നിലയിൽ ബണ്ടിയെ കണ്ടത്. തുടർന്ന് ആശുപത്രിയിലായ ബണ്ടിയെ വീണ്ടും പേരൂർക്കട മനോരോഗ ചികിത്സാകേന്ദ്രത്തിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഇതുകഴിഞ്ഞ് രണ്ട് ദിവസം കഴിഞ്ഞപ്പോഴാണ് മറ്റൊരു തടവുകാരൻ ബ്ളേഡ് മുറിച്ച് വിഴുങ്ങിയത്. മെഡിക്കൽ കോളേജിലെത്തിച്ച ഇയാളെ സ്കാനിംഗിന് വിധേയനാക്കിയെങ്കിലും ബ്ളേഡ് തുണ്ടുകൾ പുറത്തെടുക്കാനായില്ല. എന്നാൽ, ഇത്തരം ചില സംഭവങ്ങൾ പുറംലോകം അറിയാതെ ഒതുക്കുന്നുവെന്ന ആക്ഷേപവുമുണ്ട്.

## അച്ചടക്കം പടികടന്നു

ഡിസിപ്ലിൻ ചുമതലയുള്ള ജോയിന്റ് സൂപ്രണ്ടിന്റെ തസ്തിക ഒന്നര വർഷമായി ഒഴിഞ്ഞുകിടക്കുകയാണ്. അസി. സൂപ്രണ്ടുമാരുടെ എട്ട് തസ്തികകളിൽ ആറും ഒരുവർഷത്തിലധികമായി ആളില്ലാത്ത നിലയിലാണ്. അസി. പ്രിസൺ ഓഫീസർമാരുടെ 40 ഒഴിവുകളുണ്ട്. 727 തടവുകാരെ പാർപ്പിക്കാൻ ശേഷിയുള്ള പൂജപ്പുര സെൻട്രൽ ജയിലിൽ ഇപ്പോൾ 1,283 തടവുകാരാണുള്ളത്.

## ചാട്ടം തടയാൻ വൈദ്യുത മതിൽ

അന്തേവാസികൾ ജയിൽ ചാട്ടുന്നതൊഴിവാക്കാൻ സെൻട്രൽ ജയിൽ മതിലിന്റെ ഉയരം 22 അടിയാക്കി.

അതിനുമുകളിൽ മൂന്ന് അടി ഉയരത്തിൽ വൈദ്യുതിവേലി സ്ഥാപിച്ച് 24 മണിക്കൂറും വൈദ്യുതി പ്രവഹിപ്പിക്കുന്നുണ്ട്. പക്ഷേ, കാലപ്പഴക്കം കാരണം മതിലിന് ബലക്ഷയമുണ്ടായിട്ടുണ്ടെന്നാണ് വിലയിരുത്തൽ. 130 വർഷം മുൻപ് കുമ്മായവും ചുടുകട്ടയും ചേർത്തുണ്ടാക്കിയ മതിലിനടുത്ത് ഓടകളും ഡ്രെയിനേജുമുണ്ട്. എലികൾ തുരക്കുന്നതും പതിവാണ്. ഒന്നര ക്കോടി ചെലവിട്ട് ജയിലിന്റെ മതിലുകൾ ബലപ്പെടുത്താൻ ആഭ്യന്തരവകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

## സുരക്ഷ ശക്തമാക്കും

സംസ്ഥാനത്തെ ജയിലുകളുടെ സുരക്ഷ വിലയിരുത്താൻ ജയിൽ ഡി.ജി.പിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം തീരുമാനിച്ചിട്ടുണ്ട്. കഞ്ചാവും, മയക്കുമരുന്നും ഉൾപ്പെടെ ലഹരിവസ്തുക്കളും മൊബൈലും ജയിലിലേക്ക് കടത്തുന്നവരെ ജയിൽകവാടത്തിൽ പിടിക്കപ്പെടുന്ന രീതിയിൽ സുരക്ഷ ക്രമീകരിക്കാനാണ് തീരുമാനം.

ഇതിനുപുറമെ മൊബൈലുകൾ കണ്ടെത്താനുള്ള ലേസർ സംവിധാനം, മൊബൈൽ ജാമറുകൾ, പുതിയ കാമറകൾ എന്നിവയും സ്ഥാപിക്കും. ഇ-ടെൻഡർ വിളിച്ചാകും കാമറാസംവിധാനം നവീകരിക്കുക.

# മൊബൈൽ ഫോൺ വ്യാപാരി സമിതി ഏരിയ കൺവെൻഷനും മെമ്പർഷിപ്പ് വിതരണവും

തിരുവനന്തപുരം: കേരള സംസ്ഥാന മൊബൈൽഫോൺ വ്യാപാരി സമിതിയുടെ വഞ്ചിയൂർ ഏരിയ കൺവെൻഷനും മെമ്പർഷിപ്പ് വിതരണവും തകരപ്പറമ്പ് സമ്രാട് ഹോട്ടലിൽ നടന്നു. വ്യാപാരിവ്യവസായിസമിതിസംസ്ഥാന കമ്മിറ്റി അംഗം ആൻസലൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

മേയർ അഡ്വ. വി.കെ പ്രശാന്ത് മെമ്പർഷിപ്പ് വിതരണവും മുഖ്യപ്രഭാഷണവും നടത്തി. സമിതി ജില്ലാ പ്രസിഡന്റ് എൻ. സുധീന്ദ്രൻ, ജില്ലാ കമ്മിറ്റി അംഗങ്ങളായ വി.വി. വിമൽ, എ. അനൂബ്, സുദർശനൻ എന്നിവർ പ്രസംഗിച്ചു.

ചടങ്ങിൽ വിശിഷ്ട സേവനത്തിനുള്ള മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ നേടിയ ഷാജി മോൻ(ഫോർട്ട് എസ്.ഐ), വഞ്ചിയൂർ പ്രദേശത്തെ മികച്ച സേവനം മുൻനിറുത്തി അശോക കുമാർ(വഞ്ചിയൂർ എസ്.ഐ) എന്നിവർക്ക് ഉപഹാരം നൽകി ആദരിച്ചു.

മൊബൈൽ ഫോണിന്റെ ഓൺലൈൻ വ്യാപാരം നിയമം മൂലം നിരോധിക്കുന്നതിന് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ തയാറാകുക, റീചാർജ് കൂപ്പൺ കമ്മിഷൻ 10 ശതമാനമായി വർധിപ്പിക്കുക, ഉത്സവ സമയങ്ങളിൽ മൊബൈൽ കമ്പനികൾ വ്യാപാരികൾക്ക് മതിയായ ഓഫറുകൾ പ്രഖ്യാപിക്കുക, മൊബൈൽ സർവീസ് രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കമ്പനികൾ തയാറാകുക, കോപ്പിറൈറ്റിന്റെ പേരിൽ ലൈസൻസ് എടുക്കണമെന്ന നിബന്ധന അടിച്ചേല്പിക്കരുത്, സിം കാർഡ് ആക്ടിവേഷൻ ചെയ്യുമ്പോൾ കമ്പനികൾ പ്രഖ്യാപിച്ചതുക ഉടനെ തന്നെ നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് മൊബൈൽ വ്യാപാര രംഗത്ത് വർധിച്ചു വരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് സംഘടനയുടെ ഉദ്ദേശ ലക്ഷ്യം.



*കേരള സംസ്ഥാന മൊബൈൽ ഫോൺ വ്യാപാരി സമിതിയുടെ വഞ്ചിയൂർ ഏരിയ കൺവെൻഷനിൽ മെമ്പർഷിപ്പ് വിതരണം നിർവഹിച്ച് മേയർ അഡ്വ. വി.കെ പ്രശാന്ത് സംസാരിക്കുന്നു. ആൻസലൻ എം.എൽ.എയും സമിതി ഭാരവാഹികളും വേദിയിൽ*

## ഭാരവാഹികൾ

ഏരിയ സെക്രട്ടറിയായി തമീം. ജി, പ്രസിഡന്റായി ബഷീർ, വൈസ്പ്രസിഡന്റായി എ. അനൂബ്, ബാബു, മോഹനൻകുമാർ, ജോയിന്റ് സെക്രട്ടറിയായി സലിം, നിഷാദ്, നിയാസ്, ട്രഷററായി ഹാജബ്ബ്ദീൻ എന്നിവരെ തിരഞ്ഞെടുത്തു.

# എൻ. ശ്രീനിവാസൻ അനുസ്മരണം

തിരുവനന്തപുരം: എസ്.ആർ.പി സ്ഥാപക ചെയർമാനും മുൻമന്ത്രിയുമായ എൻ. ശ്രീനിവാസന്റെ 29-ാമത് വാർഷിക അനുസ്മരണ ദിനം എസ്.ആർ.പി (എസ്) സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 29ന് ഉച്ചയ്ക്ക് 2 മണിക്ക് തിരുവനന്തപുരത്ത് പൂർണ ഹോട്ടലിൽ ആചരിക്കും.

പാർട്ടി വർക്കിംഗ് ചെയർമാൻ അഡ്വ. കെ. സന്തോഷ് കുമാറിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനം എസ്.ആർ.പി (എസ്) സംസ്ഥാന ചെയർമാൻ അഡ്വ. എ.എൻ. പ്രേംലാൽ ഉദ്ഘാടനം ചെയ്യും. സമ്മേളനത്തിൽ സുരഭി ഹാൻഡിക്രാഫ്റ്റ്സ് ചെയർമാൻ പി.എം. അഹമ്മദ്കുട്ടി മുഖ്യപ്രഭാഷണം നടത്തും. മംഗലത്തുകോണം ചന്ദ്രബാബു, എം.പി. സംഗീത്കുമാർ, കെ.സി. ചന്ദ്രബാബു, രാമപുരം കെ. സുധാകരൻ, നരുവാമൂട് കെ. കുമാർ, എൻ. ശ്രീകുമാർ, പാർട്ടി മഹിളാ വിഭാഗം കൺവീനർ കൗസല്യ ശ്രീധർ, ശ്രീനാരായണ സാഹിത്യ പരിഷത്ത് സെക്രട്ടറി പി.ജി. ശിവബാബു, ശ്രീനാരായണ സ്റ്റഡി സർക്കിൾ പ്രസിഡന്റ് എൻ, സുരേഷ്കുമാർ തുടങ്ങിയവർ അനുസ്മരണ പ്രസംഗം നടത്തും.

കവി അരുവിക്കര രാജൻ ശ്രീനിവാസൻ അനുസ്മരണ കവിത ആലപിക്കും.

# ന്യൂട്രി മിക്സ് പാചകമത്സരം

പാലോട്: പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ പോഷകാഹാര വാരാഘോഷത്തിന്റെ ഭാഗമായി വാമനപുരം ഐ.സി.ഡി.എസിന്റെ നേതൃത്വത്തിൽ ന്യൂട്രിമിക്സ് പാചകമത്സരം സംഘടിപ്പിച്ചു. പ്രസിഡന്റ് പി. ചിത്രകുമാരി ഉദ്ഘാടനം ചെയ്തു. കെ.ജെ. കുഞ്ഞുമോൻ, റീജാഷെനിൽ തുടങ്ങിയവർ പ്രസംഗിച്ചു. കുടുംബശ്രീ സി.ഡി.എസ്, എ.ഡി.എസ് പ്രവർത്തകരും അംഗൻവാടി പ്രവർത്തകരും പങ്കെടുത്തു.

# കാർ അക്സസറീസ് വേസ്റ്റ്

നെടുമങ്ങാട്: അർദ്ധരാത്രിയിൽ ജനവാസ കേന്ദ്രത്തിൽ കാർ അക്സസറീസ് വേസ്റ്റ് കൊണ്ടുതള്ളിയ സ്ഥാപനപന ഉടമയ്ക്കെതിരെ വാർഡു നിവാസികൾ രംഗത്ത്. പനവൂർ പഞ്ചായത്തിലെ കരിക്കുഴി വാർഡിൽപ്പെട്ട കടുവാപ്പോക്കിലാണ് വാഹനാവശിഷ്ടങ്ങൾ കൊണ്ടു തള്ളിയത്. വെള്ളിയാഴ്ച അർദ്ധരാത്രിയോടെ ലോറിയിലാണ് അവശിഷ്ടങ്ങൾ തള്ളിയത്. നെടുമങ്ങാട് വാളിക്കോട് കേന്ദ്രമായ് പ്രവർത്തിക്കുന്ന കാർ അക്സസറീസ് ഷോപ്പിൽ നിന്നും കൊണ്ടുവന്ന അവശിഷ്ടങ്ങളാണിതെന്ന് നാട്ടുകാർ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തി. നെടുമങ്ങാട് പൊലീസ് കേസെടുത്തു.